**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5946** **09-07-2024 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി ഫണ്ട് ഉപയോഗിച്ച് കില മുഖേന നടപ്പിലാക്കുന്ന വൈപ്പിൻ മണ്ഡലത്തിലെ ഗവണ്മെന്റ് ഹൈസ്കൂൾ, എളങ്കുന്നപ്പുഴ, ഗവണ്മെന്റ് എച്ച്.എസ്.എസ്. & വി.എച്ച്.എസ്.എസ്., കടമക്കുടി എന്നീ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികളുടെ നാളിതുവരെയുള്ള പുരോഗതി അറിയിക്കാമോ; | (എ) | കിഫ്ബി ഫണ്ട് ഉപയോഗിച്ച് കില മുഖേന നടപ്പിലാക്കുന്ന വൈപ്പിൻ മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ പുരോഗതി ചുവടെ പറയുന്നു.<br><br>1. **ജി എച്ച് എസ് ഇളങ്കുന്നപ്പുഴ** - ടി സ്കൂളിന്റെ ഡിപിആർ പദ്ധതി നിർവ്വഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ഇത് കിഫ്ബിയിൽ പരിശോധിച്ച് Technical Appraisal Report -1 (TAR) 17.05.2024 ന് പദ്ധതി നിർവ്വഹണ ഏജൻസിയ്ക്ക് നൽകിയിട്ടുണ്ട്.<br><br>**2.വിഎച്ച്എസ് എസ് കടമക്കുടി –**<br><br>ടി സ്കൂളിന് 30.10.2020 ലെ ഉത്തരവ് നം.GED003-28/PE-5-PAD/2020/KIIFB പ്രകാരം 99,93,889/- രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി നൽകിയിരുന്നു. കൂടാതെ 23.11.2023 ലെ ഉത്തരവ് നം.GED003-28/APR-2/2023/KIIFB പ്രകാരം 1,29,50,421/- രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും കിഫ്ബി നൽകിയിരുന്നു. ടി സ്കൂളിന്റെ PED (Project Execution Document) യ്ക്ക് കിഫ്ബിയിൽ നിന്ന് conditional approval ആണ് 07.09.2023 ൽ ലഭിച്ചിട്ടുള്ളത്. ടി കാരണത്താൽ TENDER നടപടികൾ സ്വീകരിക്കാൻ കഴിയാത്തതിനാൽ KIIFB യുടെ GEO TECHNICAL EXPERT ന്റെ കൂടി അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ FOUNDATION DESIGN ൽ ഭേദഗതികൾ വരുത്തുകയും തുടർന്ന് തിരുത്തലുകൾ വരുത്തി എസ്റ്റിമേറ്റ് 27/06/2024 ന് പദ്ധതി നിർവ്വഹണ ഏജൻസി KIIFB യിൽ പുന:സമർപ്പിച്ചിട്ടുണ്ട്. ഇത് കിഫ്ബിയിൽ പരിശോധിച്ച് വരുന്നു. കിഫ്ബിയിൽ നിന്ന് അംഗീകാരം ലഭ്യമാക്കുന്ന മുറയ്ക്ക് ടെണ്ടർ |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിച്ച കരാർ നൽകി പ്രവൃത്തി ആരംഭിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവൃത്തികളിൽ നിലനിൽക്കുന്ന തടസ്സങ്ങൾ നീക്കുന്നതിന് കിഫ്ബി മുഖേന സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ബി) | ടി നിർമ്മാണ പ്രവൃത്തിയിൽ നിലനിൽക്കുന്ന തടസ്സങ്ങൾ നീക്കുന്നതിന് KIIFB അവലോകന യോഗങ്ങൾ നടത്തി പദ്ധതി നിർവ്വഹണ ഏജൻസിയ്ക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ